AYSHA WOODS
34 YEARS OF EXPERIENCE

ആയിഷ വുഡ് ഷോറൂം തളിപ്പറമ്പിൽ ഇന്ന് വൈകീട്ട് പ്രവർത്തനം ആരംഭിക്കും

കണ്ണൂർ: ജില്ലയുടെ മരവ്യാപാര വ്യവസായ രംഗത്ത് കഴിഞ്ഞ 34 വർഷം കൊണ്ട് സജീവ സാന്നിദ്ധ്യമറിയിച്ച ആയിഷ വുഡ് ഇൻഡസ്ട്രീസിന്റെ മൂന്നാമത്തെ ഷോറൂം തളിപ്പറമ്പ ഏഴാംമൈലിൽ ഐഡിയൽ ഡക്കർ ഫർണ്ണിച്ചറിന് സമീപം പ്രവർത്തനം ഇന്ന് വൈകിട്ട് അഞ്ചിന് ഉദ്ഘാടനം ചെയ്യും. റെഡിമെയ്ഡ് കട്ടിള, ജനലുകളുടെയും മര ഉരുപ്പടികളുടെയും അതി വിപുലമായ ശേഖരമാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്.

വീട് നിർമ്മാണത്തിന്റെ പ്രധാനപ്പെട്ട ഘട്ടമായ കട്ടിള, ജനലുകൾ നിർമ്മിക്കുക എന്നത് വിവിധ പ്രവർത്തനങ്ങളെ സംയോജിപ്പിച്ച് മാസങ്ങൾ കൊണ്ട് മാത്രം പൂർത്തിയാക്കാൻ കഴിയുന്ന ശ്രമകരമായ ഒരു ദൗത്യമാണ്. ആവശ്യാനുസൃതമായ മരം കണ്ടെത്തുക, പ്ലെയിൽ ചെയ്യുക, വിദഗ്ധരായ പണിക്കാരെ കണ്ടെത്തുക, ഗ്രിൽസ് നിർമ്മിക്കുക തുടങ്ങിയവയിലൂടെ ഉണ്ടാവുന്ന വൻ സാമ്പത്തിക നഷ്ടവും സമയ നഷ്ടവും ഇടനിലക്കാരുടെ ചൂഷണവും ഒഴിവാക്കുന്നതിനായി ഉപഭോക്താക്കളുടെ നിരന്തരമായ അഭ്യർത്ഥനയെ മാനിച്ചാണ് വർഷങ്ങളായി മരവ്യാപാര രംഗത്തുള്ള ഈ സ്ഥാപനം റെഡിമെയ്ഡ് കട്ടിള നിർമ്മാണ രംഗത്തേക്ക് കടന്നുവന്നത്. ഇന്ന് ഇവരുടെ കാഞ്ഞങ്ങാട്, പിലാത്തറ, തളിപ്പറമ്പ് എന്നിവിടങ്ങളിലുള്ള ഷോറൂമുകളിൽ ഉപഭോക്താക്കളുടെ ആവശ്യത്തിനും അളവിനുമനുസരിച്ചുള്ള വിവിധ മരങ്ങൾ കൊണ്ട് നിർമ്മിച്ച കട്ടിള, ജനലുകൾ ലഭ്യമാണ്.

വിദേശത്ത് നിന്ന് ഇറക്കുമതി ചെയ്യുന്നതിൽ കേരളത്തിന്റെ കാലാവസ്ഥക്ക് ഏറ്റവും അനുയോജ്യമായ മരങ്ങൾ മാത്രമാണ് ഇവിടെ ഉപയോഗിക്കുന്നത്. കൂടാതെ ആധുനിക യന്ത്രസാമഗ്രികൾ ഉപയോഗിച്ച് കൊണ്ട് വിദഗ്ധരായ ആശാരിമാരുടെ മേൽനോട്ടത്തിലാണ് ഇവ നിർമ്മിക്കുന്നത്. പിലാത്തറയിലും പരിയാരത്തുമായി അഞ്ച് ഫാക്ടറികളിലായി 150 ഓളം തൊഴിലാളികൾ ജോലി ചെയ്തുവരുന്നുണ്ട്.

1984ൽ പിലാത്തറയിൽ ആരംഭിച്ച ഈ സ്ഥാപനം ഗുണമേന്മയിലുള്ള കർക്കശമായ നിലപാട് കാരണമാണ് ഇന്ന് കണ്ണൂർ, കാസർക്കോട് ജില്ലകളിലേക്ക് വ്യാപിച്ചത്.

വിദേശത്ത് നിന്ന് നേരിട്ട് ഇറക്കുമതി ചെയ്യുന്നതിനാൽ ഉപഭോക്താക്കൾക്ക് വൻ വിലക്കുറവിൽ നൽകാൻ കഴിയുമെന്ന് മാനേജ്മെന്റ് അവകാശപ്പെടുന്നു.

അംഗൻവാടി കുട്ടികളുടെ

ജയിംസ് മാത്യു എം.എൽ.എയുടെ പ്രത്യേക വികസന ഫണ്ടിൽ നിന്ന് അംഗൻവാടി കുട്ടികളുടെ ബുദ്ധി വികാസത്തിനായുള്ള കളി ഉപകരണങ്ങളുടെ വിതരണോദ്ഘാടനം മന്ത്രി കെ.കെ.ശൈലജ നിർവഹിക്കുന്നു

കുടിവെള്ള വിതരണം പ്രഹസനം; നാട്ടുകാർ വണ്ടി തടഞ്ഞു

ശ്രീകണ്ഠപുരം: പിന്നോക്ക വിഭാഗക്കാർ താമസിക്കുന്ന കോളനി മേഖലയിലടക്കം കുടിവെള്ളക്ഷാമം രൂക്ഷമായിട്ടും കൃത്യമായി കുടിവെള്ളം എത്തിക്കാൻ നടപടിയില്ല. മലയോര മേഖലയിൽ പലയിടത്തും നിലവിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. കുടിവെള്ള വിതരണം നടത്തുന്നയിടങ്ങളിൽ താളപ്പിഴ പതിവായതോടെ പരാതികളും വ്യാപകമായി. ശ്രീകണ്ഠപുരം നഗരസഭയിൽ കുടിവെള്ള വിതരണം താളം തെറ്റിയതോടെ നാട്ടുകാർ വണ്ടി തടഞ്ഞു. കരയത്തുംചാൽ ഞണ്ണമലയിലെ കോളനിയിലേക്ക് ഏഴ് ദിവസത്തിനു ശേഷം കുടിവെള്ളം വിതരണം ചെയ്യാനെത്തിയവണ്ടി നാട്ടുകാർ തടയുകയായിരുന്നു. കോളനിയിലേക്ക് കയറാതെ താഴെയുള്ള റോഡിൽ നിർത്തി ചിലർക്ക് മാത്രം വെള്ളം നൽകിയത് ചോദ്യം ചെയ്തു കൊണ്ടാണ് നാട്ടുകാർ വണ്ടി തടഞ്ഞത്. പലയിടത്തും ഇത്തരത്തിൽ കുടിവെള്ള വിതരണത്തിൽ വീഴ്ച വരുത്തുന്നുണ്ടെന്നാണ് ആക്ഷേപം. മലയോരത്ത് റവന്യൂ വകുപ്പിന്റെ കുടിവെള്ള വിതരണം ഉണ്ടായിട്ടില്ല. തദ്ദേശ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണം ടെണ്ടർ എടുക്കുന്നവർ തികഞ്ഞ കെടുകാര്യസ്ഥത തുടരുമ്പോൾ ജനങ്ങൾ ദുരിതമനുഭവിക്കുകയാണ്.

മുഖ്യമന്ത്രിക്ക് ഭരണത്തിൽ നിയന്ത്രണം നഷ്ടപ്പെട്ടു: കെ.സി.ജോസഫ് എംഎൽഎ

ശ്രീകണ്ഠപുരം: മുഖ്യമന്ത്രിയുടെ ജില്ലയായ കണ്ണൂരിൽ തന്നെ തുടർച്ചായി ഉണ്ടാകുന്ന രാഷ്ട്രീയ കൊലപാതകങ്ങൾ, പിണറായി വിജയന് ഭരണത്തിൽ നിയന്ത്രണം നഷ്ടപ്പെട്ടു എന്നതിന്റെ സൂചനയാണെന്ന് കെ.സി.ജോസഫ് എംഎൽഎ പ്രസ്താവിച്ചു. കണ്ണൂർ ജില്ലയെ ചോരയിൽ മുക്കി കൊല്ലാനാണ് കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.യും കേരളം ഭരിക്കുന്ന സി.പി.എമ്മും ശ്രമിക്കുന്നത്. അക്രമ രാഷ്ട്രീയത്തിന്റെ വക്താക്കളായ ഇരു പാർട്ടികളും ഈ നയം തിരുത്താതെ ഒരു സമാധാന ചർച്ചയും വിജയിക്കുകയില്ല. സമാധാന ചർച്ചകളെല്ലാം പരിഹാസ്യമാവുകയാണ്. സംസ്ഥാന ഭരണം നിയന്ത്രിക്കുന്ന സി.പി.എമ്മും, അതിന്റെ ജില്ലാ സെക്രട്ടറിയായ പി.ജയരാജനും പാടത്ത് പണി വരമ്പത്ത് കൂലി എന്ന നയം നടപ്പാക്കിയിരിക്കുകയാണ്. സി.പി.എം. പ്രവർത്തകനെ കൊലപ്പെടുത്തി കേവലം ഒരു മണിക്കൂറിനകം തന്നെയാണ് ബി.ജെ.പി. പ്രവർത്തകനേയും അതിനിഷ്ഠൂരമായി കൊലപ്പെടുത്തിയത്. ഒരു നാണയത്തിന്റെ ഇരുപുറമെന്നപോലെ രണ്ട് കക്ഷികളും വർഗ, വർഗ്ഗീയ ഫാസിസ്റ്റ് നയമാണ് നടപ്പിലാക്കുന്നത്. ശുഹൈബിന്റെ അതിദാരുണമായ കൊലപാതകം നടന്നിട്ടും അതിനെതിരെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും യു.ഡി.എഫും ഒരു പ്രതികാരത്തിനും മുതിരാതെ ഗാന്ധിയൻ മാർഗത്തിലുള്ള സമരപരിപാടികളാണ് ആവിഷ്ക്കരിച്ചതെന്നും കണ്ണൂരിലെ ജനത അതാണ് ആഗ്രഹിക്കുന്നതെന്നും കെ.സി. ജോസഫ് പറഞ്ഞു

കണ്ണൂർ യൂണിവേഴ്സിറ്റി ഡിഗ്രി രണ്ടാം വർഷ പരീക്ഷ മാറ്റിവച്ചതിനെ എ.ഐ.എസ്.എഫ് അപലപിച്ചു

കണ്ണൂർ: കണ്ണൂർ യൂണിവേഴ്സിറ്റിയുടെ ഡിഗ്രി രണ്ടാം വർഷ പരീക്ഷ മാറ്റിവച്ചതിൽ എ.ഐ.എസ്.എഫ് ജില്ലാ സെക്രട്ടേറിയറ്റ് അപലപിച്ചു. കണ്ണൂർ യൂണിവേഴ്സിറ്റിയുടെ അഫിലിയേറ്റഡ് കോളേജുകളിലെ 10, 11 തീയതികളിൽ നടത്തേണ്ട രണ്ടാം സെമസ്റ്റർ ഡിഗ്രി പരീക്ഷ തീയതി 15, 16 ലേക്ക് മാറ്റിയത് എസ്.എഫ്.ഐയുടെ ജില്ലാ സമ്മേളനവുമായി ബന്ധപ്പെട്ടാണ്. ഭരണത്തിന്റെ സ്വാധീനം ഉപയോഗിച്ച് കണ്ണൂർ യൂണിവേഴ്സിറ്റിയുമായുള്ള ധാരണയുടെ പുറത്താണ് പരീക്ഷ തീയതി മാറ്റിയത്. വിദ്യാർത്ഥികളോട് യൂണിവേഴ്സിറ്റി കാണിക്കുന്ന അനീതിയാണിത്. പഠിക്കുക, പോരാടുക എന്ന മുദ്രാവാക്യം ചുമരിനുള്ളിൽ എഴുതി വയ്ക്കുന്നതല്ലാതെ പ്രാബല്യത്തിൽ കൊണ്ടുവരാൻ ഈ സംഘടനയ്ക്ക് സാധിക്കുന്നില്ല. വിദ്യാർത്ഥികളുടെ പരീക്ഷപോലും റദ്ദാക്കിക്കൊണ്ടുള്ള ഈ പ്രവർത്തനങ്ങൾ അംഗീകരിക്കാൻ കഴിയില്ലെന്ന് എ.ഐ.എസ്.എഫ് ജില്ലാ സെക്രട്ടറി എം.അഗേഷ് പ്രസ്താവനയിൽ അറിയിച്ചു.

നിർമ്മാണ തൊഴിലാളികൾ ധർണ്ണ നടത്തി

ആലക്കോട്: നിർമ്മാണ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുക, പെൻഷൻ 300 രൂപയായി വർദ്ധിപ്പിക്കുക തുടങ്ങിയ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുള്ള അവകാശ ദിനാചരണത്തിന്റെ ഭാഗമായി കൺസ്ട്രക്ഷൻ വർക്കേഴ്സ് ഫെഡറേഷൻ (സി.ഐ.ടി.യു) ആഭിമുഖ്യത്തിൽ കരുവഞ്ചാലിൽ സായാഹ്ന ധർണ്ണ നടത്തി. സി.എം. കോരൻ അധ്യക്ഷത വഹിച്ചു. കെ.എസ്. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്തു. ടി. പ്രഭാകരൻ, വി.എ. അപ്പച്ചൻ പ്രസംഗിച്ചു. പി.ഡി. രാഘവൻ സ്വാഗതം പറഞ്ഞു.

കരുവഞ്ചാലിൽ നിർമ്മാണ തൊഴിലാളി യൂണിയൻ (സി.ഐ.ടി.യു) സായാഹ്ന ധർണ്ണ കെ.എസ്. ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുന്നു.

അസ്മാഉൽ ഹുസ്നയും റമളാൻ മുന്നൊരുക്കവും

തളിപ്പറമ്പ: എളമ്പേരംപാറ ദാറുൽ അമാൻ മഹല്ല് കമ്മിറ്റി, കേരള മുസ്ലിം ജമാഅത്ത്, എസ് വൈ എസ്, എസ്.എസ്.എഫ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ നാളെ വൈകുന്നേരം ഏഴു മണിക്ക് അമാനത്ത് നഗർ പള്ളിയിൽ റമളാൻ മുന്നൊരുക്കവും അസ്മാഉൽ ഹുസ് ന റാത്തീബും നടക്കും. യു.കെ മുഹമ്മദ് ബഷീർ സഅദി നേതൃത്വം നൽകും. സി. സുഹൈൽ അഹ്സനി, പി.പി ഉബൈദുല്ലാഹി സഅദി നദ്‌വി, സി.പി അബ്ദുൽ മജീദ് മദനി, എം.പി അബ്ദുറഷീദ് സഖാഫി, കെ.വി ഫൈസൽ അഹ്സനി, അബൂബക്കർ സഅദി, സി. ഇബ്രാഹീം മൗലവി തുടങ്ങിയവർ സംബന്ധിക്കും.

എം.ജെ.സെബാസ്റ്റ്യൻ പ്രസിഡണ്ട്; ഷജിത്ത് നടുവിൽ സെക്രട്ടറി

അഡ്വ.എം.ജെ.സെബാസ്റ്റ്യൻ, അഡ്വ.എം.എം.ഷജിത്ത്

തളിപ്പറമ്പ: തളിപ്പറമ്പ ബാർ അസോസിയേഷൻ ഭാരവാഹികൾ ചുമതലയേറ്റു. അഡ്വ. എം.ജെ.സെബാസ്റ്റ്യൻ (പ്രസിഡണ്ട്), അഡ്വ.ജി. ഗിരീഷ് (വൈസ് പ്രസിഡണ്ട്), അഡ്വ.എം.എം. ഷജിത്ത് നടുവിൽ (സെക്രട്ടറി), അഡ്വ.സി. എ.അലക്സാണ്ടർ (ജോ. സെക്രട്ടറി), അഡ്വ.ഡാനിഷ് ലൂക്കോസ് (ട്രഷറർ) എന്നിവരാണ് ഭാരവാഹികൾ. അഡ്വ. ധന്യ, അഡ്വ. എം.രാജേഷ്, അഡ്വ. പ്രസൂൺ നമ്പ്യാർ, അഡ്വ. ജെയ്സൺ ജോസഫ്, അഡ്വ. വി.പ്രിയ, അഡ്വ.എം.വിനോദ് രാഘവൻ എന്നിവർ എക്സിക്യൂട്ടീവ് അംഗങ്ങളാണ്.

തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രം റോഡിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കണം

തളിപ്പറമ്പ: തൃച്ചംബരം പൂക്കോത്ത്നടയിൽ ലിമിറ്റഡ് സ്റ്റോപ്പ് ടി.ടി. ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്നും തൃച്ചംബരം ശ്രീകൃഷ്ണക്ഷേത്രം റോഡിൽ എസ്.ബി.ഐ മുതൽ ഡ്രീംപാലസ് വരെയുള്ള ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും ഇലത്താളംവയൽ റസിഡന്റ്സ് അസോസിയേഷൻ നിർവാഹക സമിതി യോഗം ആവശ്യപ്പെട്ടു. അഡ്വ. എം.കെ. വേണുഗോപാൽ അധ്യക്ഷനായി. കെ. മാധവൻ, എം. രാധ, ടി.വി. മോഹനൻ, പവിത്രൻ, രജത്ത് സംസാരിച്ചു. സെക്രട്ടറി കെ.വി. ബൈജു സ്വാഗതവും സി.വി. മനോഹരൻ നന്ദിയും പറഞ്ഞു.

ജൂനിയർ ഫ്രന്റ്സ് തളിപ്പറമ്പ സർക്കിൾ സമ്മർ വേവ്സിൽ പങ്കെടുത്ത കുട്ടികൾ

ജൂനിയർ ഫ്രന്റ്സ് കായിക മത്സരങ്ങൾ സംഘടിപ്പിച്ചു

തളിപ്പറമ്പ: 'കളിക്കാം പഠിക്കാം പഠനം നമുക്കുത്സവമാക്കാം' എന്ന പ്രമേയത്തിൽ ജൂനിയർ ഫ്രന്റ്സ് തളിപ്പറമ്പ സർക്കിൾ സമ്മർ വേവ്സ് എന്ന പേരിൽ കുട്ടികൾക്കായി കായിക മൽസരങ്ങൾ സംഘടിപ്പിച്ചു. പോപ്പുലർ ഫ്രണ്ട് ഏരിയാ സെക്രട്ടറി മുസ്തഫ കുപ്പം ഉദ്ഘാടനം ചെയ്തു. എസ്.ഡി.പി.ഐ മുനിസിപ്പൽ പ്രസിഡണ്ട് സി.കെ. മുഹമ്മദ്കുഞ്ഞി സമ്മാനങ്ങൾ വിതരണം ചെയ്തു. അബൂബക്കർ തളിപ്പറമ്പ, നാസിഫ് നേതൃത്വം നൽകി.

വായാട് ബദരിയാ മസ്ജിദിൽ ജൂന്ന സാധു സഹായ സമിതി നിർമിച്ചു നൽകുന്ന കുഴൽ കിണറിന്റെ കുറ്റിയടിക്കൽ കർമ്മം പാണക്കാട് ഹമീദലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു

കുടിനീർ പദ്ധതി കുറ്റിയടിക്കൽ കർമ്മം നിർവഹിച്ചു

തളിപ്പറമ്പ: തളിപ്പറമ്പ ജൂന്ന സാധു സഹായ സമിതിയുടെ കുടിനീർ പദ്ധതിയുടെ ഭാഗമായി വായാട് ബദരിയാ മസ്ജിദിൽ നിർമിച്ചു നൽകുന്ന കുഴൽ കിണറിന്റെ കുറ്റിയടിക്കൽ കർമ്മം എസ്.കെ. എസ്.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് ഹമീദലി ശിഹാബ് തങ്ങൾ നിർവഹിച്ചു. ഖതീബ് ഹനീഫ ഫൈസി, ജമാഅത്ത് ട്രഷറർ ജാഫർ തോട്ടിക്കീൽ, കമ്മറ്റി അംഗങ്ങളായ നൗഷാദ് കെ.സി, ഷബീർ ടി. കെ, എം.കെ. ജലീൽ, മുഹമ്മദ് കുഞ്ഞി കുപ്പം,അഷ്റഫ് കരുവഞ്ചാൽ, എൻ.യു. ജാബിർ, ടി. കെ. നിസാർ, ജൂന്ന ഭാരവാഹികളായ അഷ്റഫ് ഇച്ചുട്ടി, എ.പി ഇബ്രാഹിം, സലിം ഗ്രാന്റ്, സുബൈർ മണൻ, മിഖദാദ് ചപ്പൻ, അമീർ ഹാജി, ഉംറത്ത്, അയൂബ് പി.പി, നൗഫൽ സംബന്ധിച്ചു.

കണ്ണൂർ കല്ല്കൊത്ത് തൊഴിലാളി ക്ഷേമ സഹകരണ സംഘം ലിമിറഡ്

ധർമ്മശാലയിൽ കൽകൊ വൈവിധ്യവൽക്കരണത്തിന്റെ ഉദ്ഘാടനം മന്ത്രി കെ.കെ.ശൈലജ നിർവഹിക്കുന്നു

കൽകൊ വൈവിധ്യവൽക്കരണ പദ്ധതി ഉദ്ഘാടനം ചെയ്തു

ധർമ്മശാല: കണ്ണൂർ കല്ല് കൊത്ത് തൊഴിലാളി ക്ഷേമ സഹകരണ സംഘത്തിന്റെ വൈവിധ്യവൽക്കരണ പദ്ധതി ഉദ്ഘാടനം മന്ത്രി കെ.കെ. ശൈലജ ടീച്ചർ നിർവഹിച്ചു. ജയിംസ് മാത്യു എം.എൽ.എ അധ്യക്ഷത വഹിച്ചു. പുത്തൻ സൗകര്യങ്ങളോടുകൂടി കെൽട്രോണിനും കേന്ദ്രീയ വിദ്യാലയത്തിനും സമീപമാണ് കൽകൊ റസ്റ്റോറന്റും അനുബന്ധ യൂണിറ്റുകളും പ്രവർത്തിക്കുന്നത്. കൽകൊ ധർമ്മശാലയുടെ ലോഗോ വിസ്മയപാർക്ക് ചെയർമാൻ പി. വാസുദേവൻ പ്രകാശനം ചെയ്തു. ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെ പി.വി. എഫ്.ടി. കെട്ടിടത്തിൽ കൽകൊ റസ്റ്റോറന്റ് സർക്കിൾ സഹകരണ യൂണിയൻ മുൻ ചെയർമാനും ദീർഘകാലം സംഘത്തിന്റെ പ്രസിഡണ്ടുമായിരുന്ന പി. മുകുന്ദൻ ഉദ്ഘാടനം ചെയ്തു. തളിപ്പറമ്പ അസംബ്ലി നിയോജക മണ്ഡലത്തിൽ എം.എൽ.എയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സമൃദ്ധി വികസന പദ്ധതിയുടെ ഭാഗമായി സമൃദ്ധി ഫിഷ് സ്റ്റാൾ ആന്തൂർ നഗരസഭ ചെയർപേഴ്സൺ പി.കെ. ശ്യാമള ടീച്ചറും കാറ്ററിംഗ് സർവ്വീസ് കല്യാശേരി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഇ.പി. ഓമനയും ഉദ്ഘാടനം ചെയ്തു. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കെ. ടി. അബ്ദുൾ മജിദ്, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സെക്രട്ടറി ജിതീഷ് ജോസ് എന്നിവർ മുഖ്യാതിഥികളായി. കെ. സന്തോഷ്, ടി. ചന്ദ്രൻ, കെ. കുഞ്ഞപ്പ, കെ. ദാമോദരൻ മാസ്റ്റർ, എം.വി. ജനാർദനൻ, സി.എം. കൃഷ്ണൻ, ടി.ടി. ബാലകൃഷ്ണൻ, കെ. ഗണേശൻ, മണിയമ്പാറ കുഞ്ഞമ്പു, എം. രാജഗോപാലൻ, കെ. പ്രേമരാജൻ, കെ.പി. മോഹനൻ, വി.സി. പവിത്രൻ, ടി. രാജൻ സംസാരിച്ചു.

അപേക്ഷ ക്ഷണിച്ചു

പയ്യാവൂർ: പയ്യാവൂർ ഗ്രാമ പഞ്ചായത്ത് 2018-19 വർഷത്തിലെ 25 ഓളം വാർഷിക പദ്ധതികളിലേക്കുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷ ഫോറങ്ങൾ കുടുംബശ്രീ മുഖേന വിതരണം നടത്തും. 15ന് മുമ്പ് അപേക്ഷകൾ പഞ്ചായത്തിലെത്തിക്കണം. കാർഷിക സഹായങ്ങൾക്കും ശാരീരിക വൈകല്യമുള്ള വർക്കും വനിത ഘടക പദ്ധതികൾക്കും എസ്.ടി, എസ്.സി വിഭാഗങ്ങൾക്കും മുൻഗണന നൽകുന്ന പദ്ധതികളാണ് കൂടുതലെന്നും പ്രസിഡണ്ട് ഡെയ്സി ചിറ്റുപറമ്പിൽ, വൈസ് പ്രസിഡണ്ട് ടി.പി.അഷ്റഫ് പറഞ്ഞു.

'നന്മ' കലാകാര ദിനം ആചരിച്ചു

കണ്ണൂർ: നന്മ കണ്ണൂർ മേഖലാ കമ്മിറ്റി വിവിധ പരിപാടികളോടെ ആചരിച്ചു.

ദേവദാസ് എളയാവൂരിന്റെ അധ്യക്ഷതയിൽ സാഹിത്യകാരി മിനി ഉദ്ഘാടനം ചെയ്തു. സംസ്ഥാന സെക്രട്ടറി പി.കെ.ശരത്കുമാർ മുഖ്യപ്രഭാഷണം നടത്തി. അലവിൽ ജി. പവിത്രൻ സ്വാഗതം പറഞ്ഞു. കട്ടക്കുളം രാമചന്ദ്രൻ, ഇ.എം. ഷാഫി കണ്ണൂർ, എ.കൃഷ്ണൻ, പ്രമോദ് പാപ്പിനിശേരി, ഗീതു കളരിവാതുക്കൽ സംസാരിച്ചു.

സൗജന്യ മെഡിക്കൽ ക്യാമ്പ് 13ന്

തളിപ്പറമ്പ: സ്പോർട്ടിംങ്ങ് പുളിംപറമ്പയുടെ ആഭിമുഖ്യത്തിൽ 13ന് രാവിലെ 8 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ ക്ലബ് പരിസരത്ത് സൗജന്യ മെഡിക്കൽ ക്യാമ്പ് നടക്കും. ക്യാമ്പിന്റെ ഉദ്ഘാടനം തളിപ്പറമ്പ നഗരസഭ ചെയർമാൻ മഹമ്മൂദ് അള്ളാംകുളം നിർവ്വഹിക്കും. നേത്ര പരിശോധന, ഷുഗർ, പ്രഷർ, തൈറോയിഡ് മുതലായ പരിശോധനകൾ നടത്തപ്പെടും. ബുക്കിംഗിന് ബന്ധപ്പെടുക: ഫോൺ: 9544466625 - 9747597517.

പ്രാപ്തി വികസന പരിപാടി സംഘടിപ്പിച്ചു

കുറുമാത്തൂർ: കുറുമാത്തൂർ ഗ്രാമപഞ്ചായത്ത് കൃഷിഭവൻ ആത്മ പ്രാപ്തി വികസന പരിശീലന പരിപാടി കുറുമാത്തൂർ മുണ്ടോം വയൽ പാടശേഖരത്തിൽ നടന്നു.

വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി.രാജീവൻ ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ എൻ.പി.റസാഖ് അധ്യക്ഷത വഹിച്ചു. കൃഷി ഓഫീസർ ജോമിലിജോസ് പദ്ധതി വിശദീകരണം നടത്തി. കെ.വി. ബാലകൃഷ്ണൻ, കെ.വി. സന്തോഷ്കുമാർ, പി.പി. പവനൻ, പി.സി. നാരായണൻ, ശ്യാമള തുടങ്ങിയവർ സംസാരിച്ചു. എം.പി. പദ്മനാഭൻ സ്വാഗതം പറഞ്ഞു.

കണ്ടൽക്കാടുകളെ കുറിച്ച് ഉപന്യാസ മൽസരം

കണ്ണൂർ: എൻവയോൺമെന്റൽ കൺസർവേഷൻ ഗ്രൂപ്പ് കണ്ണൂർ (ഇ.സി.ജി, കണ്ണൂർ) 'കണ്ടൽക്കാടുകളുടെ പരിസ്ഥിതി പ്രാധാന്യം, നേരിടുന്ന വെല്ലുവിളികളും' എന്ന വിഷയത്തിൽ കണ്ണൂർ ജില്ലയിൽ നിന്നുള്ളവരിൽ നിന്നും ഉപന്യാസം ക്ഷണിക്കുന്നു. പ്രായപരിധിയില്ല. എട്ട് പേജിൽ കവിയാത്ത ടൈപ്പ് ചെയ്തത്. 25നുള്ളിൽ പി. പി. കൃഷ്ണൻ, ഇ.സി.ജി കണ്ണൂർ, സൗത്ത് ബസാർ, കണ്ണൂർ 670002 എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ: 9446672543.

കെ.എസ്.ഇ.ബി എംപ്ലോയീസ് വാർഷികാഘോഷം

കണ്ണൂർ: കെ.എസ്.ഇ.ബി എംപ്ലോയീസ് റിക്രിയേഷൻ ക്ലബിന്റെ വാർഷികാഘോഷം സമാപന പരിപാടികൾ ഇന്ന് വൈകീട്ട് 3.30 മുതൽ ഗുരുഭവൻ ഓഡിറ്റോറിയത്തിൽ നടക്കും. വൈകീട്ട് 3.30 മുതൽ വിവിധ കലാപരിപാടികൾ അരങ്ങേറും. ആറ് മണിക്ക് സാംസ്കാരിക സമ്മേളനം പത്മനാഭൻ കാവുമ്പായി ഉദ്ഘാടനം ചെയ്യും. എസ്. മോസസ് രാജ് കുമാർ അധ്യക്ഷനാകും. വി.എൻ. സന്തോഷ്കുമാർ, ഹരീശൻ മൊട്ടമ്മൽ, ഡോ. ബി.വി. മഞ്ജുള, സി. കെ. മനോജ്, രാജൻ ലൂയിസ്, വി.പി. ഉദയകുമാർ സംസാരിക്കും. ഇ.എം. സമീർ സ്വാഗതവും കെ. സുനിൽകുമാർ നന്ദിയും പറയും.

പരിയാരം: സമര പ്രഖ്യാപന കൺവെൻഷൻ നാളെ

പരിയാരം: പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്തുവെന്ന സർക്കാരിന്റെ അവകാശവാദം പൊള്ളയും ജനങ്ങളെ കബളിപ്പിക്കുന്നതുമാണെന്ന് പരിയാരം പ്രക്ഷോഭ സമിതി യോഗം അഭിപ്രായപ്പെട്ടു. മെഡിക്കൽ കോളേജ് പൂർണ്ണമായും ഏറ്റെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രക്ഷോഭ പരിപാടികൾ തുടങ്ങാൻ യോഗം തീരുമാനിച്ചു. അതിന്റെ മുന്നോടിയായി നാളെ 2.30ന് കണ്ണൂർ യോഗശാലാ ഹാളിൽ സമരപ്രഖ്യാപന കൺവെൻഷൻ നടത്തും. തുടർന്ന് ജില്ലയിൽ വ്യാപകമായി പ്രചാരണ പൊതുയോഗങ്ങളും ലഘുലേഖാ വിതരണവും മെഡിക്കൽ കോളേജിലേക്ക് ബഹുജന മാർച്ചും നടത്തും.

എസ്.ഡി.പി.ഐ സെമിനാർ

കണ്ണൂർ: ജനകീയ സമരങ്ങളും ഭരണകൂട നിലപാടുകളും എന്ന വിഷയത്തിൽ എസ്.ഡി.പി.ഐ സെമിനാർ സംഘടിപ്പിച്ചു. ജില്ലാ പ്രതിനിധി സഭയോട് അനുബന്ധിച്ച് സംഘടിപ്പിച്ച സെമിനാർ 'തേജസ്' പത്രാധിപർ എൻ.പി.ചെക്കുട്ടി ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് ബഷീർ പുന്നാട് അധ്യക്ഷത വഹിച്ചു. എസ്.ഡി.പി.ഐ സംസ്ഥാന സെക്രട്ടറി പി.കെ.ഉസ്മാൻ, ഡോ.ഡി.സുരേന്ദ്രനാഥ്, കെ.സുനിൽകുമാർ, സി.കെ.മുനവ്വിർ സംസാരിച്ചു. ജില്ലാ ജന. സെക്രട്ടറി ബഷീർ കണ്ണാടിപറമ്പ് സ്വാഗതം പറഞ്ഞു.

യാത്രയയപ്പ് നൽകി

തളിപ്പറമ്പ: 21 വർഷത്തെ സേവനത്തിന് ശേഷം തളിപ്പറമ്പ അർബൻ ബാങ്കിൽ നിന്നും വിരമിക്കുന്ന പി.എൻ. വിജയകുമാറിന് കേരള അർബൻ ബാങ്ക് സ്റ്റാഫ് ഓർഗനൈസേഷൻ തളിപ്പറമ്പ് യൂനിറ്റ് യാത്രയയപ്പ് നൽകി. പ്രസിഡണ്ട് മാവില പത്മനാഭന്റെ അധ്യക്ഷതയിൽ ബാങ്ക് ചെയർമാൻ ഉദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ പി.പി. ശ്രീനിവാസൻ, പി.എം. പ്രേംകുമാർ, ഇ.ടി. രാജീവൻ, വൽസ നാരായണൻ സംസാരിച്ചു. സെക്രട്ടറി കെ. രാജൻ സ്വാഗതവും ജോയിന്റ് സെക്രട്ടറി ടി.ജനിഷ് നന്ദിയും പറഞ്ഞു.

വൃത്തിയും ഭംഗിയുമുള്ള അടുക്കളയ്ക്ക്
സ്റ്റാർ പുകയില്ലാത്ത അടുപ്പുകൾ
പൂക്കോത്ത്നട തളിപ്പറമ്പ | ആലക്കോട് റോഡ് മന്ന, തളിപ്പറമ്പ
Ph: 9446774253, Mob: 9961664253
പരിചയസമ്പന്നരായ തൊഴിലാളികൾ ഉത്തരവാദിത്വത്തോടുകൂടി നിർമ്മിച്ചു കൊടുക്കുന്നു

സ്ഥലം വിൽപ്പനക്ക്
ചുഴലി- വെള്ളായിത്തട്ടിൽ എല്ലാ വിധ സൗകര്യങ്ങളോടും കൂടിയ 80 സെന്റ് / 20 സെന്റ് സ്ഥലം പൂർണ്ണമായോ, പ്ലോട്ടുകൾ തിരിച്ചോ വിൽപ്പനക്ക്.
ബ്രോക്കർമാർ ബന്ധപ്പെടേണ്ടതില്ല.
8943776723

ഇന്റിമേറ്റ് ഹോം നേഴ്സിംഗ് സർവ്വീസസ്, ആലക്കോട്
പരിചയ സമ്പന്നരായ ജോലിക്കാരെ ആവശ്യമുള്ളവരും, ജോലി ആവശ്യമുള്ളവരും ബന്ധപ്പെടുക
8547693335

പാസ്പോർട്ട് നഷ്ടപ്പെട്ടു
കോഴിക്കോട് പാസ്പോർട്ട് ഓഫീസിൽ നിന്നും 02-01-2018ൽ ഇഷ്യൂ ചെയ്ത എന്റെ R 5526897 നമ്പർ പാസ്പോർട്ട് തളിപ്പറമ്പ് ടൗണിൽ വെച്ച് നഷ്ടപ്പെട്ടിരിക്കുന്നു. കണ്ടുകിട്ടുന്നവർ ദയവായി തളിപ്പറമ്പ് പോലീസ് സ്റ്റേഷനിലോ താഴെ കാണുന്ന വിലാസത്തിലോ അറിയിക്കാൻ താൽപര്യം. കണ്ടുകിട്ടാത്ത പക്ഷം ഡ്യൂപ്ലിക്കേറ്റിന് അപേക്ഷിക്കുന്നതാണ്.
അജയൻ
പുതിയപുരയിൽ, മണിക്കൽ,
തടിക്കടവ്. പി.ഒ.
കണ്ണൂർ ജില്ല- 670581

ആവശ്യമുണ്ട്
തളിപ്പറമ്പിലുള്ള രാജധാനി സൂപ്പർ മാർക്കറ്റിലേക്ക് കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ലേഡി സ്റ്റാഫിനെ ആവശ്യമുണ്ട്.
9447850296
9895350090